നമ്പർ.എൻ.ഇ.പി(3)/..39.4.3.5.72011

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.

തീയതി: .06.2011

## സർക്കുലർ

**വിഷയം:-** പൊതുവിദ്യാഭ്യാസം- 2011-2012 വർഷത്തെ ഐ.സി.ടി പരിശീലനങ്ങൾ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:- 1. NEP(3)/66500/08/ dated 03.05.2010 of DPI

2. NEP(3)/66500/08/ dated 11.05.2010 of DPI

3. NEP(3)/15266/11/ dated 09.03.2010 of DPI

വിദ്യാഭ്യാസ മേഖലയിൽ വിവരവിനിമയ സാങ്കേതിക വിദ്യയുടെ (ഐസിടി) ഉപയോഗം മൂലം വരുത്തിക്കൊണ്ടിരിക്കുന്ന ഗുണപരമായ മാറ്റം പൂർണ്ണതയിൽ എത്തിക്കുന്നതിന് വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്ന മുഴുവൻ ആളുകളേയും വിവരവിനിമയ സാങ്കേതിക വിദ്യയിൽ പ്രാവീണ്യമുള്ളവരാക്കേണ്ടതുണ്ട്. പരിശീലനപരിപാടികൾ സംബന്ധിച്ച് താഴെപ്പറയുന്ന പൊതുമാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. സംസ്ഥാനത്തെ ഹൈസ്കൂൾ ക്ലാസുകളിൽ പഠിപ്പിക്കുന്ന മുഴുവൻ അധ്യാപകരും അടിസ്ഥാന ഐടി ശേഷി നേടേണ്ടതാണ്. നിലവിൽ പരിശീലനം ലഭിക്കാത്ത അധ്യാപകർ 2011 ഡിസംബർ 24-ന് മുമ്പ് പരിശീലനം ലഭിച്ചു എന്ന് പ്രഥമാദ്ധ്യാപകർ ഉറപ്പു വരുത്തണം. ഇങ്ങനെ അടിസ്ഥാന ഐടി പരിശീലനം ലഭിക്കാത്ത അദ്ധ്യാപകർക്ക് സ്കൂൾ ഐടി കോർഡിനേറ്റർ, മറ്റു ഐടി വിദഗ്ധരായ അധ്യാപകർ തുടങ്ങിയവരുടെ സഹായത്തോടെ കഴിയുന്നതും അതത് സ്കൂളുകളിൽ വെച്ചു തന്നെ പരിശീലനം നടത്താൻ സൗകര്യമൊരുക്കണം. കഴിവതും അധ്യയന ദിനങ്ങൾ നഷ്ടപ്പെടാതെ ഇത്തരം പരിശീലനങ്ങൾ ആന്തരികമായി ക്രമീകരിക്കാൻ പ്രഥമാദ്ധ്യാപകർ പ്രത്യേകം ശ്രദ്ധിക്കണം. തൊട്ടടുത്ത സ്കൂളുകളെ ഉൾപ്പെടുത്തി ക്ലസ്റ്റർ രൂപത്തിലാക്കിയും ഇത് നടത്താം. ഡയറക്ടറേറ്റ് ആവശ്യപ്പെടുന്ന സമയങ്ങളിൽ ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കണം.
2. യു.പി. വിഭാഗത്തിലുള്ള അദ്ധ്യാപകർ മുഴുവൻ 2012 ജൂൺ മാസത്തിനു മുമ്പ് ഐടി അടിസ്ഥാന പരിശീലനം ഐടി@സ്കൂളിന്റെ സാങ്കേതിക സഹായത്തോടെ എസ്.എസ്.എ-യുടെ നേതൃത്വത്തിൽ നടത്തേണ്ടതാണ്. ഇതിനായി ബി.ആർ.സി.കളിൽ നിലവിലുള്ള കമ്പ്യൂട്ടർ ലാബുകളും പ്രയോജനപ്പെടുത്തേണ്ടതാണ്.
3. വിദ്യാഭ്യാസ വകുപ്പിലെ അടിസ്ഥാന ഐടി ശേഷി ഇല്ലാത്ത ക്ലറിക്കൽ ജീവനക്കാർക്കുള്ള പരിശീലനം അതത് സ്കൂളുകൾ കേന്ദ്രീകരിച്ചും തൊട്ടടുത്തുള്ള സ്കൂളുകളെ ക്ലസ്റ്റർ രൂപത്തിലാക്കിയോ എസ്.ഐ.ടി.സി.മാരെ ഉപയോഗിച്ച് നടത്താവുന്നതാണ്.

4. ലോവർ പ്രൈമറി തലത്തിലെ അദ്ധ്യാപകർക്കും ഐടി പരിശീലനം നൽകേണ്ടതുണ്ട്. ഇതിനായി എസ്.എസ്.എ.യുടെ സംവിധാനം കൂടി പ്രയോജനപ്പെടുത്തി ഐടി@സ്കൂൾ സൗകര്യമൊരുക്കേണ്ടതാണ്.

5. സൂചന 1-ലെ ഒന്നു മുതൽ പതിനെട്ട് വരെയുള്ള മാർഗനിർദ്ദേശങ്ങൾ 2011-12 വർഷത്തെ പരിശീലനങ്ങൾക്കും ബാധകമായിരിക്കും. ഐസിടി അധിഷ്ഠിത പഠനം, അധ്യാപകപരിശീലനം എന്നിവ സംബന്ധിച്ച് സൂചന 2, 3-ലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

6. ജില്ലാതലത്തിൽ നിശ്ചയിക്കുന്ന പരിശീലനങ്ങൾക്ക് എത്തുന്ന അദ്ധ്യാപകർക്ക് പുതുക്കിയ നിരക്കിൽ 125 രൂപയും പരിശീലകർക്ക് 200 രൂപയും ഓണറേറിയം നൽകുന്നതാണ്. മറ്റേതെങ്കിലും പരിശീലനങ്ങൾക്ക് ഓണറേറിയം നൽകുന്നുണ്ടെങ്കിൽ അക്കാര്യം ഐടി@സ്കൂൾ എക്സിക്യൂട്ടീവ് ഡയറക്ടർ പ്രത്യേകമായി നിർദ്ദേശിക്കേണ്ടതാണ്.

7. പരിശീലനകേന്ദ്രങ്ങളായി തെരഞ്ഞെടുക്കുന്ന സ്കൂളുകൾക്ക് പ്രതിദിനം 200 രൂപ നിരക്കിൽ വൈദ്യുതി ചാർജ്ജ് നൽകുന്നതാണ്. ഈ തുക സ്കൂൾ ഐടി അഡ്വൈസറി കൗൺസിലിന്റെ അക്കൗണ്ടിലേക്ക് ക്രോസ് ചെയ്ത ചെക്ക്/ഡിഡി മുഖേന നൽകേണ്ടതാണ്.

8. സ്കൂളിലെ ഐസിടി അധിഷ്ഠിത പഠനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഗസ്റ്റ് അധ്യാപകരേയും അൺ സ്കൂളിലെ അധ്യാപകരെയും മറ്റ് താത്കാലിക അധ്യാപകരേയും പരിശീലനത്തിൽ ഉൾപ്പെടുത്താവുന്നതാണ്. എന്നാൽ ഈ അധ്യാപകർക്ക് റെമ്യൂണറേഷൻ ഉൾപ്പെടെയുള്ള മറ്റ് ആനുകൂല്യങ്ങളൊന്നും നൽകേണ്ടതില്ല.

9. ജില്ലയിൽ നടത്തുന്ന ഏതു പരിശീലന പരിപാടിക്കും എക്സിക്യൂട്ടീവ് ഡയറക്ടറുടെ മുൻകൂർ അനുവാദം വാങ്ങേണ്ടതും പരിശീലനത്തെപ്പറ്റിയുള്ള Training Management System-ൽ ഉൾപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

22/6/11

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐടി@ സ്കൂൾ പ്രോജക്ട്
സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, എസ്.എസ്.എ.
എല്ലാ ഡി.ഡി.ഇ/ഡി.ഇ.ഒ.മാർക്കും
എല്ലാ ജില്ലാ കോർഡിനേറ്റർമാർക്കും
ഫിനാൻസ് ഓഫീസർ/അക്കാഡമിക് വിഭാഗം/സ്റ്റോക്ക് ഫയൽ